HORIZON

The Digital Magazine 2018-2019 by D.B.H.S.S TVLA

"Learning is just a breeze when you are a member of KITEs"

C.K Geethakumari
Headmistress
D.B.H.S.S TVLA

C.K Geethakumari
Headmistress
D.B.H.S.S TVLA

പ്രിയമുള്ള കുട്ടികളെ,

വിദ്യാലയ ജീവിതം ഫലപ്രതമായി ഉപയോഗക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ.ബുദ്ധിയും,വിവേകവും,വിനയമുള്ള ഉത്തമ പൗരന്മാരായി വളരുവാൻ എപ്പോഴും ശ്രമിക്കണം.നിങ്ങൾ ഈ സ്കൂളിന്റെയും,നാടിന്റെയും വെളിച്ചമായി മാറാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ നൂതനസംരംഭമായ ഡിജിറ്റൽ മാഗസിന് എല്ലാന്മകളും ആശംസിച്ചുകൊണ്ട്

നിങ്ങളുടെ
പ്രഥമാധ്യപിക

സി.കെ ഗീതാകുമാരി

CONTENTS

1.About Little Kites.
2.Air Pollution A Menace to Mankind.
3.പെരിയ നദി.
4.ജലവൈദ്യുതി എന്ന ഉപകാരി.
5.ഇടുക്കി-പുരാണങ്ങളിൽ
6.സാലീം അലി
7.പൂക്കാലം
8.നല്ല ചങ്ങതി
9.പൂജ്യം കൊണ്ട് ഹരിക്കാമൊ
10.History of animation
11.Father Of American Animation
12.IT QUIZ
13.ചെറുകഥ
14.COMPUTER PROGRAMMING
15. History of Programming
16.BLENDER

ലിറ്റിൽ കൈറ്റ്സ്

'ലിറ്റിൽ കൈറ്റ്സ്' കേരളാ ഗവണ്മെന്റിന്റെ ഒരു പ്രത്യേക പരിപാടിയാണ്.ഒരു ലക്ഷത്തിലധികം വിദ്യാർഥികളുണ്ട്. ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്രമായ പരിശീലനം നൽകിയിട്ടുള്ള വിദ്യാലയങ്ങൾ പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഹൈ-സ്ക്കൂൾ കുട്ടികൾ സംവിധാനമാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃക, അങ്ങനെ ' ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്സ്' ആയിത്തീരുന്നു. രാജ്യത്തെ ഏറ്റവും വലിയ വിദ്യാർത്ഥി ഐടി നെറ്റ് വർക്ക് ആയിട്ടാണ് ലിറ്റിൽ കൈറ്റ്സ് സജ്ജീകരിച്ചിരിക്കുന്നത്.



AIR POLLUTION

A MENACE TO MANKIND

There are two great menaces in modern times. First is the menace of noise and the second is that of air pollution. Air pollution is caused mainly by smoke coming out of chimneys of factories ,mills,workshop etc....in the industrial areas . It is a great danger to health and life . There are many causes of air pollution . Not only do we find smoke coming out of the chimney ,mills etc....but air pollution is also caused by buses ,car and other vehicles which are driven by steam or diesel oil. Smoking indulged by people is also one of the causes of pollution through a minor one. So we must try our best to stop air pollution.

പെരിയ നദി

കേരളത്തിലെ ഏറ്റവും വലിയ നദി പെരിയാറാണെന്ന അറിയാമെല്ലോ ?.
244 കി.മി ഇതിന്റെ നീളം . ഭാരതപ്പുഴക്ക് ആകെ 250 കിലോമീറ്റർ നീളമുണ്ട്.എന്നാൽ അതിന്റെ കുറച്ച് ഭാഗം ഒഴുകുന്നത് തമിഴ്നാട്ടിലൂടെയാണ്. 209 കി.മി മാത്രമേ കേരളത്തിലൂടെ ഒഴുകുന്നുള്ളൂ. ഭാരതപ്പുഴ തമിഴ്നാട്ടിലെ ആനമലയിൽ നിന്നുത്ഭവിച്ച് കോയമ്പത്തൂർ ജില്ലയിലെ പൊള്ളാച്ചി താലൂക്കിലൂടെ ഒഴുകിയാണ് കേരളത്തിലെത്തുന്നത്.

ജലവൈദ്യുതി എന്ന ഉപകാരി

ഇന്ത്യയുടെ വൈദ്യുതോൽപാദനത്തിന്റെ 40 ശതമാനവും ജലവൈദ്യുത പദ്ധതികളിൽനിന്നാണ്. അന്തരീക്ഷമലിനീകരണമില്ലാത്ത നിർമാണരീതിയായതിനാൽ മിക്കരാജ്യങ്ങളും ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നു. നിർമ്മാണച്ചെലവ് കൂടുതലാണെങ്കിലും പിന്നീട് ഇന്ധനത്തിനായി പണം മുടക്കുക എന്നതും പരിപാലനച്ചെലവ് കുറവാണെന്നതും ജലവൈദ്യുത പദ്ധതികളുടെ മേന്മകളാണ്.

ഇടുക്കി- പുരാണങ്ങളിൽ

ഇടുക്കിയെക്കുറിച്ചുള്ള ഒരു പുരാണ കഥയുണ്ട്. ശ്രീരാമന്റെ വനവാസക്കാലത്ത് കുറേനാൾ ഇടുക്കിയിലും കഴിഞ്ഞിരുന്നത്രേ.ഒരു ദിവസം സീത പെരിയാറിൽ

കുളിക്കാനിറങ്ങി. സമീപത്തുള്ള കാട്ടിലെ ഒരു കുറവനും കുറത്തിയും അതു കണ്ടു. സുന്ദരിയായ സീതയെ കുറവനും കുറത്തിയും ഒരു പാറപ്പുറത്ത് തോളോടുതോൾ ചേർന്ന് നോക്കിയിരുന്നു. കുളികഴിഞ്ഞ് തലയുയർത്തിയ സീത അവരെക്കണ്ട് ഭയന്ന് നിലവിളിച്ചു. ഓടിയെത്തിയ ശ്രീരാമൻ 'നിങ്ങൾ എന്നെന്നേക്കുമായി പിരിഞ്ഞ് കല്ലായിപ്പോകട്ടെ' എന്ന് അവരെ ശപിച്ചു. കുറവനും കുറത്തിയും ശ്രീരാമന്റെ പാദങ്ങളിൽ വീണ് ശാപമോക്ഷത്തിനായി അപേക്ഷിച്ചു. ഒടുവിൽ കോപം ശമിച്ച ശ്രീരാമൻ അവർക്ക് മാപ്പ് കൊടുത്തു.'കലിയുഗത്തിൽ മനുഷ്യൻ നിങ്ങളെ അന്യോന്യം ബന്ധിപ്പിക്കും അന്ന് നിങ്ങൾക്ക് ശാപമോക്ഷം ലഭിക്കും' എന്നുപറഞ്ഞു. അങ്ങനെ കല്ലായിത്തീർന്ന കുറവനും കുറത്തിയും ആണത്രേ ഇടുക്കിയിലെ രണ്ടു മലകൾ.

സാലീം അലി

പ്രശസ്ത പക്ഷിനിരീക്ഷകനും ഗ്രന്ഥകാരനുമായ സാലീം അലി 1896 നവംബർ 12-ന് ബോംബെയിൽ ജനിച്ചു. അദ്ദേഹം ബാലനായിരിക്കുമ്പോൾ ഒരു പക്ഷിയെ വെടിവെച്ചു വീഴ്ത്തി വീട്ടിലേക്കു കൊണ്ടുവന്നു . പക്ഷിയെ സശ്രദ്ധം പഠിക്കാൻ ശ്രമിച്ചു സാലീമിന് നിരാശയായിരുന്നു ഫലം. അമ്മാവൻ അമീറദ്ദീൻ തിയാബ് ജിക്കും ബാലന്റെ സംശയം തീക്കാനായില്ല.അദ്ദേഹം മരുമകനെ ബോംബെയിലെ നാച്വറൽ ഹിസ്റ്ററി സൊസൈറ്റിയിൽ പഠിക്കാനയിച്ചു .അവിടെ എണ്ണമറ്റ പക്ഷികളെ കണ്ട സാലീം ആഹ്ലാദചിത്തനായി.പക്ഷേ സാലീമിന് ഉപജീവനാർഥം സഹോദരന്റെ തടി ബിസിനസ്സ് നോക്കാൻ ബർമയിലേക്കു പോകെണ്ടിവന്നു.ബിസിനസ്സ് പരാജയപെട്ടപ്പേൾ അലി ഇന്ത്യയിലേക്കു

മടങ്ങി വന്ന് ബോംബെയിലെ പ്രിൻസ് ഓഫ് വെയ്ൽസ് മ്യൂസിയത്തിൽ ജോലി സമ്പാദിച്ചു.

പിന്നീട് ബെർലിനിൽ പോയി പക്ഷിനിരീക്ഷണശാസ്ത്രം പഠിച്ചുവന്ന സാലീം 1930-ൽ ബോംബേ നാച്വറൽ ഹിസ്റ്ററി സൊസൈറ്റിയിൽ ശമ്പളമില്ലാതെ ജോലി ചെയ്തു. സൊസൈറ്റിയുടെ ആനുകാലികങ്ങളിൽ അദ്ദഹത്തിന്റെ സർവേ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഇത് അദ്ദേഹത്തിന് ലോകം മുഴ്വൻ അംഗീകാരം നേടിക്കൊടുത്തു.

പക്ഷിനിരീക്ഷണ ശാസ്ത്രത്തെക്കുറിച്ചും പക്ഷികളെ കുറിച്ചും സാലീം എഴുതിയ ഗ്രന്ഥങ്ങൾ വിജ്ഞാനപ്രദവും പ്രസിദ്ധവുമാണ്. ഇവയിൽ കേരളത്തിലെ പക്ഷികളെക്കുറിച്ചെഴതിയ ഗ്രന്ഥവും ഉൾപ്പെടും. 'ഒരു കുരുവിയുടെ പതനം അദ്ദേഹത്തിന്റെ ആത്മകഥയാണ്.



പക്ഷിശാസ്ത്രത്തിൽ നാഷണൽ പ്രൊഫസറായിതെരെഞ്ഞെടുക്കപ്പെട്ട

അദ്ദെഹത്തെ വിവിധ സർവ്വകലാശാലകൾ ഡോക്ടറേറ്റ് നൽകി ആദരിച്ചു. അദ്ദഹം രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടു. പത്മഭൂഷൺ,പത്മവിഭൂഷൺ,ബ്രിട്ടീഷ് ഓർണിത്തോളജിസ്റ്റ്സ് യൂണിയൻന്റെ സമ്മാനം,പാർഗെറ്റി ഇന്റർനാഷണൽ പ്രൈസ്,ജോൺ ഫിലിപ്പ് മെമ്മോറിയൽ മെഡൽ,നെതർലാഡ്സ് രാജാവിന്റെ 'ദ ഓർടർ ഓഫ് ദ ഗോൾഡൻ ആർക്ക്'തുടങ്ങിയ നിരവധി ബഹുമതികൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട് . സാലീം അലിക്ക് മക്കളില്ലായിരുന്നു . പാശ്ഗെറ്റ് പ്രൈസിന്റെ മുഴുവൻ തുകയും ആ മഹാമനസ്കൻ ബി.എൻ.എസ്.എച്ച്.എസ്സിനു സംഭാവന ചെയ്തു. അദ്ദേഹം 1987-ൽ വിടവാങ്ങി.

പൂക്കാലം

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു,
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയിത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ-
യന്തിക്കു പൂങ്കാവിലാളേറെയായി
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ-വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ-
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റതൻ നിസ്വനത്താ-
ലെന്തോന്നുരയ്ക്കുന്നു നീ?-ഞാനറിഞ്ഞു,
"എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ?

നല്ല ചങ്ങാതി

വെള്ളാരം പുഴയിലെ താമസക്കാരനായിരുന്നു പൊന്നി മീൻ. ഒരിക്കൽ അവൾക്ക് കരയിലെ കാഴ്ചകൾ കാണാൻ മോഹം തോന്നി. അവളുടെ കരയിലെ ചങ്ങാതിയായ മിന്നു തേനീച്ചയോട് തന്റെ ആഗ്രഹം ഉണർത്തിച്ചു. അപ്പോൾ മിന്നു പറഞ്ഞു: അയ്യോ അതു വേണ്ട പല അപകടങ്ങൾ ഉണ്ടാകും. നിനക്ക് വെള്ളത്തിന് അടിയിലെ കാഴ്ചകൾ കാണാമല്ലോ. ഹും മിന്നുവിന് വെള്ളത്തിനടിയിലെ കാഴ്ചകൾ കാണാൻ പറ്റാത്തതിന്റെ അസൂയയാ. വേറെ ആരോടെങ്കിലും സഹായം ചോദിക്കാം. ഒരു ദിവസം ഒരു കൊക്കച്ചൻ പുഴയിൽ ഒറ്റക്കാലിൽ നിൽക്കുന്നത് പൊന്നിമീൻ കണ്ടു. കൊക്കച്ചൻ നല്ലവനാണെന്ന് തോന്നുന്നു. എന്തായാലും തൻറെ ആഗ്രഹം പറയാം. കൊക്കച്ചാ, കൊക്കച്ചാ എന്നെ നിൻറെ ചുണ്ടിൽ കൊത്തിപ്പിടിച്ച് കരയിലെ കാഴ്ചകൾ കാണിക്കുമോ? കൊക്കച്ചന് അതിയായ സന്തോഷമായി, കൊക്കച്ചൻ മീൻപിടിക്കാനല്ലേ കരയിൽ ഇരിക്കുന്നത്. ഒരു മീൻ തന്നോടൊപ്പം വരാമെന്നു

പറഞ്ഞാൽ ആർക്കായാലും സന്തോഷമുണ്ടാവില്ലേ. കൊക്കച്ചൻ അവനെ കൊണ്ടുപോകാമെന്ന് പറഞ്ഞു. പൊന്നിക്ക് സന്തോഷമായി. കൊക്കച്ചൻ പൊന്നിയെ കൊത്തിയെടുത്ത് ഒരു സ്ഥലത്ത് കൊണ്ടുപോയി. എന്നിട്ട് പറഞ്ഞു. നിന്നെ ഞാൻ തിന്നാൻ പോവുകയാണ്. പൊന്നിക്ക് ശ്വാസം മുട്ടാൻ തുടങ്ങി. അവൾ നിലവിളിച്ചു. അവളുടെ നിലവിളി മിന്നു കേട്ടു. മിന്നു കൊക്കിൻറെ കണ്ണിൽ ഒറ്റകുത്ത്. കൊക്ക് തന്റെ ജീവനുംകൊണ്ട് പറന്നുപോയി. പൊന്നി മീൻ പുഴയിലാണ് വീണത്. പൊന്നി മീൻ പറഞ്ഞു എന്റെ ചങ്ങാതി പറഞ്ഞത് ഞാൻ അനുസരിച്ചെങ്കിൽ എനിക്ക് ഇത് സംഭവിക്കുമായിരുന്നില്ല. മിന്നു തേനീച്ച പറഞ്ഞു. എന്തായാലും എൻറെ ചങ്ങാതി രക്ഷപ്പെട്ടല്ലോ അതുമതി. അങ്ങനെ അവർ രണ്ടുപേരും സന്തോഷത്തോടെ പോയി.

പൂജ്യം കൊണ്ട് ഹരിക്കാമൊ

ഗുണനക്രിയയുടെ വ്യൽക്രമമാണല്ലോ ഹരണം.

പന്ത്രണ്ടിനെ മൂന്നു കൊണ്ട് ഹരിച്ചാൽ നാലു കിട്ടും എന്ന് പറയുമ്പോൾ മൂന്നിനെ നാലുകൊണ്ട് ഗുണിച്ചാൽ പന്ത്രണ്ടു കിട്ടും എന്നാണ് നാം ഉദ്ദേശിക്കുന്നത്. എന്നാൽ, പന്ത്രണ്ടിനെ പൂജ്യം കൊണ്ട് ഹരിച്ചാൽ എന്തു കിട്ടും?

പൂജ്യത്തെ ഏതെങ്കിലും സംഖ്യകൊണ്ട് ഗുണിച്ചാൽ 12 കിട്ടുമോ? ഇല്ല. അതുകൊണ്ടാണ് പൂജ്യം കൊണ്ട് ഒരിക്കലും ഹരിക്കരുതെന്നു പറയുന്നത്.

12 മാങ്ങ, ഓരോ വരിയിലും മൂന്നെണ്ണം വീതം എത്രവരിയായിവെക്കാം? 4 വരി. അതായത് 12/3=4

ഇതുപോലെ 12 മാങ്ങ, ഓരോ വരിയിലും 0 മാങ്ങ വീതം എത്രവരിയായി വെക്കാം? വെച്ചുനോക്കൂ. എത്ര വരികൾ വെച്ചാലും 12 മാങ്ങ ബാക്കിയുണ്ടാവും. പിന്നെയും വരി

വെക്കുകതന്നെ. ഈ ക്രിയ ഒരിക്കലും അവസാനിക്കുകയില്ല. അങ്ങനെ നോക്കുമ്പോൾ 12/0 അനന്തമാണെന്ന് കാണാം. ഇതുപോലെ പൂജ്യമല്ലാത്ത ഏതു സംഖ്യയേയും 0 കൊണ്ട് ഹരിച്ചാലും ഫലം അനന്തമായിരിക്കും. അനന്തത്തെ ഒരു സംഖ്യയായി കണക്കാക്കാത്തതുകൊണ്ട് 0 കൊണ്ട് ഹരിക്കരുതെന്നു പറയുന്നു.

History of animation

The history of animation started long before the development of cinematography . Humans have probably attempted to depict motion as far back as the palaeolithic period . Shadow play and the magic lantern offered popular shows with projected images on a screen ,moving as the result of manipulation by hand and/ some minor mechanics . In 1833 the phenakistiscope introduced the stroboscopic principle of modern animation ,and would also provide the basis for cinematography.

The Father of Indian Animation

Ram Mohan (born 1931) is an Indian animator,title designer and design educator,who is also known as Father of Indian

Animation and was a veteran in the Indian Animation industry,who started his career at the cartoon film unit,films division of India government of India in 1956 .

Father Of American Animation

Blackton Father of American Animation.

American animation owes its beginnings to J. Stuart Blackton a British filmmaker who created the first animated film in America . Before creating cartoons,Blackton was a vaudeville performer known as “the Komikal Kartoonsist,”.In his act,he dew “lightning sketches” or high speed drawings.

IT QUIZ

1.Name the latest attendance recording devices used in an attendance system
ANS:Biometrics and Access cards

2.which is the first calculating device ?

ANS: Abacus

3.Who invented mechanical calculator called Pascaline?

ANS:Blaise pascal
4.who is considered as the father of artificial intelligence?
ANS:John McCarthy
5.which was the worlds first successful electronic computer?
ANS:ENIAC

ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പൊതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ

തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്,

മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്ക ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം,

നിശാഗന്ധി, കാശ്ശരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ.

രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത

സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ

വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ

ഈ വർത്തമാനകാല തലമുറ.

COMPUTER PROGRAMMING

Computer programming is the process of designing and building an executable computer program for accomplishing a specific computing task. Programming involves tasks such as analysis, generating algorithms, profiling algorithms' accuracy and resource consumption, and the implementation of algorithms in a chosen programming language (commonly referred to as coding[1][2]). The source code of a program is written in one or more programming languages. The purpose of programming is to find a sequence of instructions that will automate the performance of a task for solving a given

problem. The process of programming thus often requires expertise in several different subjects, including knowledge of the application domain, specialized algorithms, and formal logic.

Related programming tasks include testing, debugging, maintaining a program's source code, implementation of build systems, and management of derived artifacts such as machine code of computer programs. These might be considered part of the programming process, but often the term software development is used for this larger process with the term programming, implementation, or coding reserved for the actual writing of source code. Software engineering combines engineering techniques with software development practices.

History of Programming

Programmable devices have existed at least as far back as 1206 AD, when the automata of Al-Jazari were programmable, via pegs and cams, to play various rhythms and drum patterns;[3] and the 1801 Jacquard loom could produce entirely different weaves by changing the "program" - a series of pasteboard cards with holes punched in them.

However, the first computer program is generally dated to 1843, when mathematician Ada Lovelace published an algorithm to calculate a sequence of Bernoulli numbers, intended to be carried

out by Charles Babbage's Analytical Engine.[4] Women would continue to dominate the field of computer programming until the mid 1960s.[5]

Data and instructions were once stored on external punched cards, which were kept in order and arranged in program decks.

In the 1880s Herman Hollerith invented the concept of storing data in machine-readable form.[6] Later a control panel (plugboard) added to his 1906 Type I Tabulator allowed it to be programmed for different jobs, and by the late 1940s, unit record equipment such as the IBM 602 and IBM 604, were programmed by control panels in a similar way; as were the first electronic computers. However, with the concept of the stored-program computers introduced in 1949, both programs and

data were stored and manipulated in the same way in computer memory.[citation needed]

Machine code was the language of early programs, written in the instruction set of the particular machine, often in binary notation. Assembly languages were soon developed that let the programmer specify instruction in a text format, (e.g., ADD X, TOTAL), with abbreviations for each operation code and meaningful names for specifying addresses. However, because an assembly language is little more than a different notation for a machine language, any two machines with different instruction sets also have different assembly languages. Kathleen Booth created one of the first Assembly languages in 1950 for various computers at Birkbeck College.[7]

Wired control panel for an IBM 402 Accounting Machine.

High-level languages allow the programmer to write programs in terms that are syntactically richer, and more capable of abstracting the code, making it targetable to varying machine instruction sets via compilation declarations and heuristics. The first compiler for a programming language was developed by Grace Hopper.[8] When Hopper went to work on UNIVAC in 1949, she brought the idea of using compilers with her.[9][10] Compilers harness the power of computers to make programming easier[11] by allowing programmers to specify calculations by entering a formula using infix notation (e.g., Y = X*2 + 5*X + 9) for example. FORTRAN, the first widely used high-level

language to have a functional implementation which permitted the abstraction of reusable blocks of code, came out in 1957.[12] In 1951 Frances E. Holberton developed the first sort-merge generator which ran on the UNIVAC I.[13] Another woman working at UNIVAC, Adele Mildred Koss, developed a program that was a precursor to report generators.[13] In Russia, Kateryna Yushchenko developed the Address programming language for the MESM in 1955.[14]

The idea for the creation of COBOL started in 1959 when Mary K. Hawes, who worked for Burroughs Corporation, set up a meeting to discuss creating a common business language.[15] She invited six people, including Grace Hopper.[15] Hopper was involved in developing COBOL

as a business language and creating "self-documenting" programming.[16][17] Hopper's contribution to COBOL was based on her programming language, called FLOW-MATIC.[10] In 1961, Jean E. Sammet developed FORMAC and also published Programming Languages: History and Fundamentals which went on to be a standard work on programming languages.[15][18]

Programs were mostly still entered using punched cards or paper tape. See computer programming in the punch card era. By the late 1960s, data storage devices and computer terminals became inexpensive enough that programs could be created by typing directly into the computers. Frances Holberton created a code to allow keyboard inputs while she worked at UNIVAC.[19]

Text editors were developed that allowed changes and corrections to be made much more easily than with punched cards. Sister Mary Kenneth Keller worked on developing the programming language, BASIC which she was a graduate student at Dartmouth in the 1960s.[20] One of the first object-oriented programming languages, Smalltalk, was developed by seven programmers, including Adele Goldberg, in the 1970s.[21] In 1985, Radia Perlman developed the Spinning Tree Protocol in order to route packets of network information efficiently.[22][23]

BLENDER

Blender is a free and open-source 3D computer graphics software toolset used for creating animated films, visual effects, art, 3D printed models, interactive 3D applications and video games. Blender's features include 3D modeling, UV unwrapping, texturing, raster graphics editing, rigging and skinning, fluid and smoke simulation, particle simulation, soft body simulation, sculpting, animating, match moving, rendering, motion graphics, video editing and compositing.

Example:


Applications Places
(53%) 4:25 PM KITE
Blender [/media/kite/34A6-E0B3/Blender+Guru+-+Fire+Finished (2).blend]
File Add Render Window Help
Default
Scene
Cycles Render
v2.69 | Verts:64079 | Faces:61936 | Tris:123956 | Objects:0/38 | Lamps:0/1 | Mem:59.7
User Ortho
Meters
(64) Camera
View Select Object Object Mode Global
This .blend was made available by BlenderGuru.com for learning purposes only - not for commercial usage.
Some images in this file are modified textures from CGTextures.com
View Text Edit Format Templates Text Run Script Register Text: Internal
Scene
Render
Render Animation Play
Display: Image Editor
Feature Set: Supported
Dimensions
Render Presets
Resolution:
X: 1080
Y: 1080
50%
Frame Range:
Start Frame: 1
End Frame: 100
Frame Step: 1
Aspect Ratio:
X: 1.000
Y: 1.000
Frame Rate:
24 fps
Time Remapping:
Old: 100
New: 100
Border Crop
Stamp
Output
/tmp/
Overwrite
File Extensions
Placeholders
PNG
BW RGB RGBA
Color Depth:
8
16
Compression: 15%
Sampling
Sampling Presets
[yellow_kite_header....
[mag v1.odt - LibreO...
[*[cah] (exported)-1....
34A6-E0B3
Blender [/media/kite...


Applications Places
(93%) 1:09 PM KITE
Blender* [/home/kite/Downloads/2D Blender Intro Template [CPUHead]/Cool 2D Intro Tmeplate.blend]
File Add Render Window Help
Compositing
Scene
Blender Render
v2.69 | Verts:1332 | Faces:637 | Tris:650 | Objects:1/17 | Lamps:0/0 | Mem:41.15M
Grease Pencil
New
New Layer
Delete Frame Convert
Node
Name: Composite
Label:
Color
Properties
Use Alpha
Inputs:
Alpha: 1.000
Z: 1.000
Scene
Render
Render Animation Play
Display: Image Editor
Dimensions
Render Presets
Resolution:
X: 1280
Y: 720
100%
Frame Range:
Start Frame: 1
End Frame: 222
Frame Step: 1
Aspect Ratio:
X: 1.000
Y: 1.000
Frame Rate:
30 fps
Time Remapping:
Old: 100 New: 100
Border Crop
Anti-Aliasing
5 8 11 16
Mitchell-Netravali
Full Sample
Size: 1.000
Sampled Motion Blur
Shading
Performance
Post Processing
Stamp
View Select Add Node Use Nodes Free Unused Backdrop Auto Render
Frame:222 | Time:00:02.54 | Ve:692 Fa:637 | Mem:37.61M (21.20M, Peak 111.55M)
Camera Persp
HORIZON
(89) Text
View Image Render Result Slot 1
View Select Object Object Mode
Start: 1 End: 222
[2D Blend... [Library] [Downloa... [2D Blend... 2D Blend... Blender* ... [OpenSh... [mag v1.... [untro.ogg]

THE MEMBERS OF LITTLE KITEs in D.B.H.S.S TVLA

1 SREELEKSHMI R
2 ADARSH P
3 AKSHARA MANOJ
4 KEZIYA IDICULA
5 SREEDHARAN NAMPOOTHIRI.N
6 APARNA S
7 VISWANATH V
8 SRUTHI C
9 ARJUN RAJ
10 SANAL KUMAR

11	YADHUKRISHNAN V R
12	VISHNU V .H
13	SNEHA RAJESH
14	DEVIKA DEEPAKUMAR
15	ABHISHEK ANILKUMAR
16	AROMAL SATHEESH
17	ABHISHEK PRAKASH
18	JOSNA P.J.
19	SIDHARTH G
20	ARYAN .T. SANTHOSH
21	ASWIN S
22	AMAL ABEY
23	DEEPU.R.CHANDRAN
24	SREEJITH S
25	AMRITHA.K.S
26	NITHIN ANILKUMAR
27	JACKSON PHILIP P D
28	AKHIL M R
29	ABHIRAM S
30	SREEKUMAR C N
31	AKSHAY MANOJ
32	SUJITH GIRISH KUMAR
33	APARNA RAMESH
34	SAMUDRA SABU

35 Sreekantan S

നന്ദി

ഞങ്ങളുടെ *“ Digital Magazine”* ഇവിടെ പൂർണമാകുന്നു.